LIBRARY ARCHIVES Kerala Legislative Assembly

വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

183 (191) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖ ട്രസ്റ്റിന്റെ നൂറിലധികം ഏക്കർ ഭൂമിയിൽ സ്ഥാപിക്കപ്പെട്ട വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) കൊച്ചിതുറമുഖ ട്രസ്റ്റ് നാളിതുവരെ വല്ലാർപാടം പദ്ധതിക്ക് ചെലവഴിച്ച തുക എത്ര ;

(സി) പ്രസ്തുത പദ്ധതി കമ്മിഷൻ ചെയ്തതിനുശേഷം കണ്ടെയ്നർ കയറ്റി അയയ്ക്കുന്നതിലൂടെ ഇതുവരെ പ്രതീക്ഷിച്ച വരുമാനം എത്ര കോടിയായിരുന്നു ; ലഭിച്ചത് എത്ര ;

(ഡി) ഡ്രഡ്ജിംഗ് ചെലവ് ഇക്കാലയളവിൽ എത്രയായിരുന്നു ;

(ഇ) വല്ലാർപാടം പദ്ധതി നിലവിൽ വരുന്നതിനുമുമ്പ്കൊച്ചി തുറമുഖത്തുണ്ടായിരുന്ന ടെർമിനലിലൂടെ സ്വരൂപിച്ചിരുന്ന വരുമാനം എത്ര; എത്രപേർക്ക് തൊഴിൽ ലഭ്യമായിരുന്നു ?

ഉത്തരം

(എ) വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു :

1. ടെർമിനലിന്റെ പ്രവർത്തനശേഷി 36 ശതമാനമാണ്. വാളയാർ ചെക്ക് പോസ്റ്റിലെ പ്രശ്നങ്ങൾകാരണം കോയമ്പത്തൂരിൽനിന്നും പൊള്ളാച്ചിയിൽനിന്നും Exim Container പൂർണ്ണമായ തോതിൽ ലഭ്യമല്ല. ചെക്ക് പോസ്റ്റിലെ കാലതാമസവും പരിധിയിൽ കൂടുതൽ ചരക്കുകൾക്ക് പിഴ ഈടാക്കുന്നതുമൂലം ചരക്കു ഗതാഗതം തുത്തുക്കുടിവഴി ഗതിമാറ്റം ചെയ്യപ്പെടുന്നു.
2. മറ്റ് തുറമുഖങ്ങളിൽനിന്നും വേണ്ടത്ര Exim container കൾ വല്ലാർപാടം ICTT യിലേക്ക് എത്തിക്കപ്പെടുന്നില്ല. ദീർഘ കാലയളവിലേയ്ക്ക് കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്ക ണമെന്ന് കപ്പലുടമകൾ ആവശ്യപ്പെടുന്നുണ്ട്.

3. ഇന്ത്യൻ ഉറമുഖത്ത് കൊളംബോ ഉറമുഖത്തെ അപേക്ഷിച്ച് ചരക്ക് ഗതാഗത പ്രക്രിയ കാഠിന്യമാണ്. ആയതിനാൽ കൊളംബോവഴി ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്നതിന് Exim Sector & Shipping Lines മുൻഉക്കം നൽകുന്നു.

4. തമിഴ്നാട്ടിലെ Trailer Sector ഈടാക്കുന്നതിനേക്കാൾ ഉയർന്ന തോതിലുള്ള റോഡ് നികുതിയും ലേബർ ചാർജ്ജും കേരളത്തിൽ ഈടാക്കുന്നതിനാൽ വല്ലാർപാടത്തേയ്ക്കുള്ള ഗതാഗത ചെലവ് കൂടുതലാണ്.

(ബി) <u>വല്ലാർപാടം പദ്ധതിക്ക് ചെലവഴിച്ച തുക</u>

ക്യാപിറ്റൽ ഡ്രെഡ്ജിംഗ്	-	340.24 കോടി
റെയിൽ കണക്ടിവിറ്റി	-	363.48 കോടി
എൻ.എച്ച്. കണക്ടിവിറ്റി	-	913.96 കോടി

(സി) ICCTT വല്ലാർപാടം 11-2-2011 ൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം 31-10-2015 വരെ 252.36 കോടി രൂപ 33.3 ശതമാനം റവന്യൂ ഷെയറായി ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	DP World ന്റെ വാർഷിക കണക്ക് പ്രകാരം ICCTT യ്ക്ക് ലഭിച്ച റവന്യൂ	റോയൽറ്റി സ്വീകരിച്ചത് @ 33.3%
2010-11	107.99 കോടി (പ്രോജക്ട് വല്ലാർപാടത്തേയ്ക്ക് മാറ്റിയ തീയതി 11.02.2011)	29.60 കോടി
2011-12	150.91 കോടി	49.40 കോടി
2012-13	161.20 കോടി	53.43 കോടി
2013-14	162.41 കോടി	53.68 കോടി
2014-15	175.82 കോടി	58.16 കോടി
2015-16 ഒക്ടോബർ 2015 വരെ		37.69 കോടി

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റഡ്ജിംഗിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

വർഷം	തുക
2011-12	57.77 കോടി
2012-13	110.29 കോടി
2013-14	122.64 കോടി
2014-15	112.06 കോടി

(ഇ) വല്ലാർപാടം പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് Rajiv Gandhi Container Transshipment ടെർമിനലിലൂടെ സ്വരൂപിച്ചിരുന്ന വരുമാനം അനുബന്ധമായി ചേർക്കുന്നു.* 300 പേർക്ക് നേരിട്ട് തൊഴിൽ നൽകിയിട്ടുണ്ട്.

വൈക്കം നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

184 (192) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത ഓരോ പ്രവർത്തിക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്ത പ്രവൃത്തികളിൽ ഏതൊക്കെയാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഇനിയും ആരംഭിക്കാനാകാത്തതെന്നും എന്തു കാരണങ്ങളാലാണ് അവ തുടങ്ങാത്തതെന്നും വ്യക്തമാക്കുമോ ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly